നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധന ജീവിതച്ചെലവിലുണ്ടായ മാറ്റത്തിനു മുഖ്യമായും വഴിതെളിച്ചു.

മൊത്തത്തിൽ നോക്കിയാൽ ഈ വർഷം നമ്മുടെ സാമ്പത്തികസ്ഥിതി പൊതുവേ മെച്ചപ്പെട്ടാണിരിക്കുന്നത്. കാർഷികോൽപ്പാദനം, വർദ്ധിച്ചു. റിക്കാർഡു സൃഷ്ടിച്ച നെല്ലുൽപ്പാദനവും കേന്ദ്രത്തിൽ നിന്നുള്ള വർദ്ധിച്ച ഭക്ഷ്യധാന്യസഹായവുംമൂലം ഭക്ഷ്യരംഗത്ത് സ്വാഗതാർഹമായ ഒരു മാറ്റം ദൃശ്യമായി. കുറഞ്ഞൊരുകാലത്തെ മാന്ദ്യത്തിനു ശേഷം നമ്മുടെ വ്യവസായരംഗവും ചലനാത്മകമായി. അങ്ങനെ നമ്മുടെ സാമ്പത്തിക മേഖലവികാസത്തിനും പുരോഗതിക്കും അനുകൂലമായ സാഹചര്യങ്ങളിലാണ് നിലകൊള്ളുന്നത്. ബഹുമുഖമായ സാമ്പത്തിക പുരോഗതി കൈവരുന്നതിനു മുൻകാലങ്ങളിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള വികസനോപാധികളെ പൂർണ്ണവും ഫലപ്രദവുമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനുള്ള കഠിനമായ പരിശ്രമങ്ങൾക്ക് നാം തയ്യാറാകേണ്ടിയിരിക്കുന്നു.

1970–71–ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിലേക്ക് കടക്കുന്നതിനുമുമ്പ് 1968–69–ലെ കണക്കുകളെപ്പറ്റിയും 69–70–ലെ പുതുക്കിയ എസ്റ്റിമേറ്റുകളെ സംബന്ധിച്ചും പ്രതിപാദിച്ചുകൊള്ളട്ടെ.

1968–69–ലെ കണക്കുകൾ

നീക്കിയിരിപ്പിൽ 3.62 കോടി രൂപയുടെ കുറവോടുകൂടി ആരംഭിച്ച 1968–69 സാമ്പത്തികവർഷം 5.72 കോടി രൂപയുടെ മിച്ചത്തോടുകൂടി അവസാനിച്ചതായിട്ടാണ് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ളത്. 1969–മാർച്ച മാസം 31–ാംതീയതി സംസ്ഥാന ഗവൺമെൻറിന്റെ കണക്കിൽ റിസർവ്വ് ബാങ്കിൽ ഉണ്ടായിരുന്ന നീക്കിയിരുപ്പ് (—) 5.52 കോടി രൂപയായിരുന്നു. റിസർവ്വ് ബാങ്കിൽ സംസ്ഥാന ഗവൺമെൻറിന്റെ കണക്കിൽ കുറഞ്ഞത് 30 ലക്ഷം രൂപാ നീക്കിയിരുപ്പ് ഉണ്ടായിരിക്കേണ്ടതുകൊണ്ട് മേൽപ്പറഞ്ഞ തീയതിയിലെ നീക്കിയിരുപ്പിലെ ആകെ കുറവ് 5.82 കോടി രൂപയായിരുന്നു. സിവിൽ അക്കൗണ്ടിൽ ഈ കുറവ് താൽക്കാലിക വായ്പയായി കണക്കിലെടുക്കുകയും പൊതുക്കടക്കണക്കിൽ വരവായി കാണിക്കുകയും ചെയ്തു. ഇപ്രകാരം നീക്കിയിരുപ്പിൽ തത്തുല്യമായ മിച്ചം ഉണ്ടായി. 1969 ഏപ്രിൽ മാസാരംഭത്തിൽ നടത്തിയ അഡ്ജസ്റ്റ്മെൻറുകളുടെ ഫലമായി 1969 മാർച്ച് 31–ലെ നീക്കിയിരുപ്പിൽ 4.92 കോടി രൂപയുടെ വർദ്ധനയുണ്ടാകുകയും റിസർവ്വ് ബാങ്കിൽ സംസ്ഥാന ഗവൺമെൻറിന്റെ കാഷ് ബാലൻസ് (—) 60 ലക്ഷം രൂപയായി കുറയുകയും ചെയ്തു.

1968–69 അവസാനത്തിൽ സംസ്ഥാന ഗവൺമെൻറിന്റെ മൊത്തത്തിലുള്ള നീക്കിയിരുപ്പ്, ട്രഷറികളിലെ നീക്കിയിരുപ്പും ബാങ്കുകളിലെ നിക്ഷേപത്തുകയും കണക്കിലെടുക്കുമ്പോൾ (–) 9 ലക്ഷം ആയിരുന്നു. എന്നാൽ അക്കൗണ്ടൻറ് ജനറൽ തയ്യാറാക്കിയ സിവിൽ അക്കൗണ്ടിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് രേഖകളിലെല്ലാം നീക്കിയിരിപ്പ് 5.72 കോടി രൂപയായി കാണിക്കേണ്ടിയിരിക്കുന്നു.

റവന്യൂ കണക്കിൽ 6.96 കോടിയുടെ മിച്ചമുണ്ടായിരുന്നു. കഴിഞ്ഞ മൂന്നു കൊല്ലങ്ങളിൽ പൊതുക്കടം വീട്ടുന്നതിനുവേണ്ടി വകയിരുത്തിയിരുന്നതുകയിലുള്ള കുറവ് പരിഹരിക്കുന്നതിന് കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച പ്രത്യേക ധനസഹായം ആണ് ഈ വർദ്ധനയ്ക്ക് പ്രധാന കാരണം. ഈ ധനസഹായം ഒക്കമായി തരുന്നതിനു പകരം കേന്ദ്രവുമായുള്ള വായ്പക്കണക്കിൽ തട്ടിക്കഴിക്കുകയാണ് ചെയ്തിട്ടുള്ളതെന്ന വസ്തുത

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രകൃതത്തിൽ പ്രസ്താവ്യമാണു്. അനുവദനീയമായ റെയിസ് ആൻറ് മീൻസ് അഡ്വാൻസുകളും പരമാവധി ഉപയോഗപ്പെടുത്തിയതിനു പുറമേ തന്നാണ്ടിൽ 8.86 കോടി രൂപയുടെ ട്രഷറി ബിൽ നിക്ഷേപങ്ങളും പിൻവലിക്കേണ്ടിവന്നു എന്ന വസ്തുത സംസ്ഥാനഗവൺമെൻറിനു് ഈ വർഷത്തിൽ അഭിമുഖീകരിക്കേണ്ടിവന്ന സാമ്പത്തിക വൈഷമ്യങ്ങളും എത്ര മാത്രമാണെന്നു വ്യക്തമാക്കുന്നു.

പുതുക്കിയ എസ്റ്റിമേറ്റ് 1969–70

1969–70–ലെ വരവിൻെറ പുതുക്കിയ എസ്റ്റിമേറ്റ് 136.20 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. ഇതു് ബഡ്ജറ്റ് എസ്റ്റിമേറ്റിനെക്കാൾ 93 ലക്ഷം രൂപാ കൂടുതലാണു്. അഞ്ചാം ധനകാര്യക്കമ്മിഷൻ നൽകിയ അവാർഡിൻെറ അടിസ്ഥാനത്തിൽ കേന്ദ്ര നികുതികളുടെ സംസ്ഥാനത്തിനുള്ള വിഹിതത്തിൽ 5.84 കോടി രൂപയുടെ വർദ്ധന പ്രതീക്ഷിക്കുന്നുണ്ടു്. എന്നാൽ ഭരണഘടനയുടെ 275–ാം വകുപ്പനുസരിച്ചുള്ള റവന്യൂ ധനസഹായത്തിൽ 10.89 കോടി രൂപയുടെ ഒരു വലിയ കുറവുണ്ടായിരിക്കും. അങ്ങനെ അഞ്ചാം ധനകാര്യ കമ്മിഷൻെറ അവാർഡു്, ഫലത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിനു് കിട്ടേണ്ടവിഹിതത്തിൽ 5.05 കോടി രൂപയുടെ കുറവാണു വരുത്തിയതു്.

സംസ്ഥാനത്തിൻെറ നികുതി ഇനങ്ങളിൽ ഉള്ള വരവിൽ 1.22 കോടി രൂപയുടെ വർദ്ധനയുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു. വിൽപ്പന നികുതി ഇനത്തിൽ 1.81 കോടി രൂപയുടെ വർദ്ധനയാണു് കണക്കാക്കുന്നതു്. എന്നാൽ ഈ വർദ്ധന എക്സൈസു് തീരുവകളിൽ ഉണ്ടായ 84 ലക്ഷം രൂപയുടെ കുറവുനിമിത്തം ഭാഗികമായി തട്ടിക്കഴിക്കപ്പെട്ടിരിക്കുന്നു. നികുതിയല്ലാത്ത മറ്റു വരവിനങ്ങളിലുള്ള വർദ്ധന പ്രധാനമായും വനങ്ങളിൽനിന്നും (73 ലക്ഷം) ഭാഗ്യക്കുറികളിൽനിന്നും (125 ലക്ഷം) ആണു് പ്രതീക്ഷിക്കുന്നതു്. കൃഷി, വ്യവസായം, പോലീസു് എന്നീ വകുപ്പുകളിൽ നിന്നും ആവർത്തിക്കപ്പെടാത്ത ചില പ്രത്യേക വരവുകളും പ്രതീക്ഷിക്കപ്പെടുന്നു. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും പലിശ ഇനത്തിൽ ലഭിക്കേണ്ട തുകയിൽ 63 ലക്ഷം രൂപയുടെ കുറവുണ്ടാകും. വാർഷിക പദ്ധതിക്കുള്ള കേന്ദ്ര സഹായം 9.31 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു. ബഡ്ജറ്റ് എസ്റ്റിമേറ്റിൽ നിന്നും 1.35 കോടി രൂപയുടെ വർദ്ധന ഇതുമൂലമാണു്.

റവന്യൂ കണക്കിലെ ചെലവു് 2.68 കോടി രൂപയുടെ വർദ്ധന കാണിക്കുന്നു. ഫുഡ് സബ്സിഡിയിൽനിന്നും പലിശ ഇനത്തിൽനിന്നും യഥാക്രമം പ്രതീക്ഷിക്കുന്ന 125 ലക്ഷം രൂപയുടേയും 53 ലക്ഷം രൂപയുടെയും മിച്ചമാണു്, ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളപരിഷ്ക്കാരം കൊണ്ടുണ്ടായ ചെലവിലുള്ള വർദ്ധന ഭാഗികമായി നികത്തുന്നതു്. ഇക്കൊല്ലമുണ്ടായ വലിയ വെള്ളപ്പൊക്കം കാരണം ദുരിതാശ്വാസ നടപടികളും എടുക്കേണ്ടിവന്നു. ക്ഷാമദുരിതാശ്വാസ പ്രവർത്തനങ്ങളെ സംബന്ധിച്ച പുതുക്കിയ എസ്റ്റിമേറ്റ് ബഡ്ജറ്റ് എസ്റ്റിമേറ്റിനെക്കാൾ 63 ലക്ഷം രൂപയുടെ വർദ്ധന രേഖപ്പെടുത്തുന്നു. പദ്ധതി മേഖലയിൽ ചെറുകിട ജലസേചനം, കുടിവെള്ളസൗകര്യം, കണ്ണാടി സർവ്വെ എന്നീ പരിപാടികളിൽ വർദ്ധിച്ച തോതിലുള്ള ചെലവു പ്രതീക്ഷിക്കപ്പെടുന്നു.

മൂലധനചെലവ് 15.81 കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ടു്. ഇതു ബഡ്ജറ്റ് എസ്റ്റിമേറ്റിനെക്കാൾ 3.74 കോടി രൂപാ കൂടുതലാണു്. പദ്ധതി മേഖലയിൽ റോഡു്, ജലസേചനം, സ്കൂൾ കെട്ടിടങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly